**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 950** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാലായിലെ കടവുപുഴ പാലം പുനർനിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം ഫണ്ടോടെ പാസായ പാലാ നിയോജകമണ്ഡലത്തിലെ ചില്ലിച്ചി പാലം നിർമാണം എന്ന പദ്ധതി സാങ്കേതിക തടസ്സങ്ങളാൽ ഉപേക്ഷിക്കുകയും പകരം ടി പഞ്ചായത്തിലെ തന്നെ പ്രളയക്കെടുതിയിൽ തകർന്നപോയ കടവുപുഴ പാലം പുനർനിർമിക്കുന്നതിനുവേണ്ടി ചില്ലിച്ചിപാലം നിർമാണം എന്ന പദ്ധതിയുടെ ഫണ്ട് മാറ്റി അനുവദിക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021 ൽ ഉണ്ടായ പ്രളയത്തിൽ തകർന്ന കടവുപുഴ പാലത്തിന്റെ പുനർനിർമ്മാണത്തിനായി ചില്ലിച്ചി പാലത്തിന് അനുവദിച്ച ഫണ്ട് മാറ്റി അനുവദിക്കുന്നതിന് ബഹു. പാലാ എം.എൽ.എ ശ്രീ. മാണി സി കാപ്പൻ 01-03-2023 – ൽ ബഹു. പൊതുമരാമത്ത് മന്ത്രിക്ക് കത്ത് നൽകിയിരുന്നു. തുടർന്ന്, 12.03.2026 - ലെ G.O.(Rt)No.406/2026/PWD പ്രകാരം ചില്ലിച്ചി പാലത്തിന്റെ 368.86 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്യുകയും, കടവുപുഴ പാലത്തിനു 239.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** വർഷങ്ങളായി പാലം തകർന്നുകിടക്കുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ടി പാലം പുനർനിർമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഭരണാനുമതി ലഭ്യമായ പ്രകാരം സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**